Website:http://www.kwa.kerala.gov.in

Fax: 91-0471-2324903
Tel: 0471-2328654

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. 7838/E1/2021/കെ ഡബ്ല്യൂ എ

തീയതി: 02.06.2021

**<u>സർക്കുലർ</u>**

വിഷയം:- കേരള ജല അതോറിറ്റി - ജീവനക്കാര്യം - കോവിഡ്-19 വ്യാപനം നിയന്ത്രണ വിധേയമാക്കാൻ സംസ്ഥാനത്ത് പ്രഖ്യാപിച്ച ലോക് ഡൗണിന് ഇളവുകൾ പ്രഖ്യാപിച്ച സാഹചര്യത്തിൽ ഓഫീസുകളുടെയും ക്യാഷ് കൗണ്ടറുകളുടെയും പ്രവർത്തനം ക്രമീകരിക്കുന്നത് സംബന്ധിച്ച്.

സൂചന :- 1. G.O.(Rt) No. 378/2021/DMD dated 21.04.2021
2. 22.04.2021 ലെ ഇതേനമ്പർ ഉത്തരവ്
3. G.O.(Rt)No.432/2021/DMD Dated. 21/05/2021
4. 07.05.2021 ലെ ഇതേനമ്പർ ഉത്തരവ്
5. 24.05.2021 ലെ ഇതേനമ്പർ ഉത്തരവ്
6. G.O.(Rt)No.448/2021/DMD Dated. 31/05/2021

സംസ്ഥാനത്ത് കോവിഡ്-19 വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ ഓഫീസുകളുടെ പ്രവർത്തനം ക്രമീകരിക്കുന്നത് സംബന്ധിച്ച് സൂചന-1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സംസ്ഥാനത്ത് നിലനിൽക്കുന്ന ലോക് ഡൗണിനു സൂചന-6 പ്രകാരം ഇളവുകൾ പ്രഖ്യാപിച്ച സാഹചര്യത്തിൽ ജല അതോറിറ്റി ഓഫീസുകളുടെ പ്രവർത്തനത്തിനായി താഴെപറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. എല്ലാ ഓഫീസുകളും സർക്കാർ പുറത്തിറക്കിയിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ് .
2. 07.06.2021 മുതൽ 50 % ജീവനക്കാർ ജോലിക്ക് ഹാജരാകണമെന്ന് സൂചന-6 പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അതുപ്രകാരം ജല അതോറിറ്റി കേന്ദ്രകാര്യാലയത്തിൽ 50% ജീവനക്കാർ ഹാജരാകേണ്ടതാണ്. ഇതിനായി 'റൊട്ടേഷൻ' അടിസ്ഥാനത്തിൽ ജീവനക്കാർ ഹാജരാകുന്നതിനായി യൂണിറ്റ് മേധാവികൾ പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

Draft #37 of File 7838/E1/2021/KWA Approved by Managing Director on 02-Jun-2021 05:52 PM - Page 1

3. മറ്റു ഓഫീസുകളിൽ ഹാജരാകേണ്ട ജീവനക്കാരുടെ എണ്ണം ഓഫീസ് മേധാവികൾക്ക് നിശ്ചയിക്കാവുന്നതാണ്. ഇപ്രകാരം നിശ്ചയിക്കുമ്പോൾ ഓഫീസിൽ ഹാജരാകേണ്ട ജീവനക്കാരുടെ എണ്ണം 50 ശതമാനത്തിൽ കുറയാൻ പാടില്ല.
4. ഓഫീസിൽ ഹാജരാകേണ്ടാത്ത ദിവസങ്ങളിൽ ജീവനക്കാർ 'വർക്ക് ഫ്രം ഹോം' ആയി ജോലി ചെയ്യേണ്ടതാണ്. വീട്ടുകളിൽ അതിനു സംവിധാനം ഇല്ലാത്തവർ ഓഫീസിൽ ഹാജരായി ജോലികൾ നിർവഹിക്കേണ്ടതാണ്.
5. എല്ലാ ഓഫീസുകളിലെയും തപാൽ സെക്ഷനുകൾ എല്ലാ ദിവസവും പ്രവർത്തിക്കുന്ന വിധം ജീവനക്കാരെ വിന്യസിക്കേണ്ടതാണ്.
6. 07.06.2021 മുതൽ ക്യാഷ് കൗണ്ടറുകൾ തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ തുറന്ന് പ്രവർത്തിക്കേണ്ടതാണ്.
7. ക്യാഷ് കൗണ്ടറുകളുടെ പ്രവർത്തന സമയം രാവിലെ 10 മണി മുതൽ 2 മണി വരെയുമായി ചുരുക്കാവുന്നതാണ്.
8. കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ട് മാത്രമേ ക്യാഷ് കൗണ്ടറുകൾ പ്രവർത്തിപ്പിക്കാവൂ. എല്ലാ ഓഫീസുകളിലും 'ബ്രേക്ക് ദി ചെയിൻ ക്യാമ്പയിന്റെ' ഭാഗമായ സൗകര്യങ്ങൾ ഒരുക്കേണ്ടതും, കോവിഡ് മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കേണ്ടതുമാണ്.
9. ക്യാഷ് കൗണ്ടറിലെ ജീവനക്കാർക്ക് ആവശ്യമായ മാസ്ക്, ഗ്ലൗസ്, ഫെയ്സ്ഷീൽഡ്, സാനിറ്റൈസർ എന്നിവ അതാത് ഓഫീസ് മേലധികാരികൾ ലഭ്യമാക്കേണ്ടതാണ്.
10. ജീവനക്കാർ കോവിഡ് ബാധിതരാകുന്ന സാഹചര്യമുണ്ടായാൽ ഓഫീസുകൾ ഉടൻ തന്നെ അണുവിമുക്തമാക്കി പ്രവർത്തന സജ്ജമാക്കേണ്ടതാണ്. ഓഫീസ് പൂർണ്ണമായും അടച്ചിടേണ്ട സാഹചര്യം ഒഴിവാക്കാനായി, Quarantaine നിർദ്ദേശിക്കപ്പെടാത്തവരും, രണ്ട് ഡോസ് വാക്സിൻ എടുത്തവരും ഓഫീസിൽ ഹാജരാക്കേണ്ടതാണ്.
11. കോവിഡ് ബാധിതരായവർ, കുടുംബാംഗങ്ങൾ കോവിഡ് ബാധിതരായതിനാൽ Quarantine നിർദ്ദേശിക്കപ്പെട്ടവർ, Primary Contact ആയതിനാൽ Quarantine നിർദ്ദേശിക്കപ്പെട്ടവർ എന്നിവർ ആരോഗ്യവകുപ്പിന്റെ നിലവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായിമാത്രമേ ഓഫീസിൽ ഹാജരാകാവൂ. ഈ കാര്യം ഓഫീസ് മേധാവികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
12. ജീവനക്കാരൻ താമസിക്കുന്ന പ്രദേശം Containment Zone ആയി പ്രഖ്യാപിക്കുന്ന സാഹചര്യത്തിൽ നിലവിലെ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ചു മാത്രമേ അവധി അനുവദിക്കാൻ പാടുള്ളൂ.
13. ഓഫീസ് പ്രവർത്തനത്തിന്, കോവിഡ്-19 പ്രതിരോധപ്രവർത്തനവുമായി ബന്ധപ്പെട്ട് ജില്ലാ ഭരണകൂടം പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.
14. പൊതുസ്ഥലങ്ങളിൽ ജോലി ചെയ്യുമ്പോൾ അതതുസ്ഥലത്തു നിലവിലുള്ള നിയന്ത്രണങ്ങൾ പാലിച്ചും സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ചും കൃത്യനിർവഹണം നടത്തേണ്ടതാണ്.
15. മീറ്റർ റീഡിങ്ങ് പോലെ പുരയിടങ്ങളിൽ പ്രവേശിച്ച് കൃത്യനിർവ്വഹണം നടത്തേണ്ട ജോലികളിൽ അതിയായ ശ്രദ്ധ പുലർത്തേണ്ടതും കോവിഡ് മാനദണ്ഡങ്ങൾ സസൂക്ഷ്മം പാലിക്കുന്നുണ്ടെന്നു ഉറപ്പുവരുത്തേണ്ടതുമാണ്. ആവശ്യമെങ്കിൽ ഉപഭോക്താവിൽനിന്നും ഫോൺ വഴിയോ മറ്റു ഇലക്ട്രോണിക്ക് മാദ്ധ്യമങ്ങൾ വഴി മീറ്ററിന്റെ ഫോട്ടോ ലഭ്യമാക്കിയോ റീഡിങ്ങ് രേഖപ്പെടുത്തുന്നതിനു അനുവദിക്കാവുന്നതാണ്.

Draft #37 of File 7838/E1/2021/KWA Approved by Managing Director on 02-Jun-2021 05:52 PM - Page 2

16. സ്ഥലം മാറ്റം മൂലവും മറ്റുകാരണങ്ങളാലും യാത്രാസൗകര്യം ഇല്ലാതെ ഓഫീസിൽ എത്താൻ കഴിയാത്ത ഉദ്യോഗസ്ഥർക്ക് വീട്ടിലിരുന്നു 'ഓൺ ലൈൻ' ആയി ജോലി ചെയ്യുന്നതിന് നിയന്ത്രണാധികാരികൾ അനുവാദം നൽകേണ്ടതാണ്.

17. ജലവിതരണം സുഗമമാക്കുന്നതിനും അനുബന്ധപ്രവർത്തനങ്ങൾ യഥാവിധി നടത്തുന്നതിനും സന്ദർഭോചിതമായി ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുന്നതിന് ഓഫീസ് മേധാവികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ അവലംബിച്ച് ഓഫീസ് പ്രവർത്തനങ്ങൾ യുക്തമായ രീതിയിൽ നടത്തേണ്ടതാണ്.**

**വെങ്കടേസപതി എസ്., ഐ .എ .എസ്.**
മാനേജിംഗ് ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ഓഫീസ് മേധാവികൾക്കും

ഉള്ളടക്കം

G.O.(Rt) No. 378/2021/DMD dated 21.04.2021

പകർപ്പ്:-

ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി

Draft #37 of File 7838/E1/2021/KWA Approved by Managing Director on 02-Jun-2021 05:52 PM - Page 3

The document is digitally approved. Hence signature is not needed.

Draft #37 of File 7838/E1/2021/KWA Approved by Managing Director on 02-Jun-2021 05:52 PM - Page 4

150 YEARS OF CELEBRATING THE MAHATMA

**GOVERNMENT OF KERALA**

**Abstract**

DMD- COVID-19 – Containment activities - Lockdown in the State from 31st May to 9th June 2021 - Additional guidelines - Orders issued.

**DISASTER MANAGEMENT (A) DEPARTMENT**

G.O.(Rt)No.448/2021/DMD Dated,Thiruvananthapuram, 31/05/2021

Read 1. GO(Rt) No.416/2021/DMD dated 14.05.2021
2. GO(Rt) No.429/2021/DMD dated 20.05.2021
3. GO(Rt) No.432/2021/DMD dated 21.05.2021
4. GO(Rt) No.444/2021/DMD dated 29.05.2021
5.GO(Rt) No.445/2021/DMD dated 29.05.2021

**ORDER**

In exercise of the powers conferred under Section 20(3) of the Disaster Management Act-2005, the undersigned in the capacity of the Chairman, Executive Committee of the State Disaster Management Authority hereby orders following additional guidelines for implementing the restrictions imposed in the State, as per government orders read above, for containment of COVID-19 surge:

i. In addition to the employees of departments declared as essential, the bare minimum number of employees in other departments required for furnishing answers to the questions in the ongoing Legislative Assembly session and employees engaged in examination related duties shall also attend office from 1st June-2021.

ii. All Central and State government departments, including PSUs, Corporations, Autonomous Organisations, Commissions etc. may function with upto 50% of staff from 7th June-2021 onwards on rotation basis.

iii. Morning walk from 5 AM to 7 AM and evening walk from 7 PM to 9 PM will be allowed in public places observing strict physical distancing norms and other COVID-19 protocols.

In order to avoid misuse of the relaxations of lockdown restrictions, the following instructions are issued for strict compliance:

i. While shops selling books are allowed, it shall be ensured that stationery shops remain closed.

ii. Only wedding parties with wedding invitation as proof shall be allowed to

physically visit textile, jewellery and footwear shops. Only home delivery is allowed for other purchasers.

iii. While Industrial establishments and manufacturing centres are permitted, service sector shall be permitted to function with work-from-home employees only.

(By order of the Governor)
Dr. V P Joy
Chief Secretary

Additional Chief Secretary, Home & Vigilance Department
Additional Chief Secretary, Revenue & DM Department
Principal Secretary, Health & Family Welfare Dept.
All Additional Chief Secretaries/ Principal Secretaries/ Secretaries
All Heads of Departments including State Police Chief
All District Collectors
All District Police Chiefs
Copy to:
Private Secretary to Chief Minister
Private Secretary to all Ministers
Special Secretary to Chief Secretary
Director, I&PRD/Web and New Media
Office copy/ Stock file

Forwarded /By order

Section Officer

Draft #37 of File 7838/E1/2021/KWA Approved by Managing Director on 02-Jun-2021 05:52 PM - Page 5